(ഡി) തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ ആരംഭിക്കുവാനുദ്ദേശിക്കുന്ന കോളേജിന് 16 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഒന്നാം ഘട്ടത്തിന്റെ കെട്ടിടത്തിന്റെ പണി പുരോഗമിക്കുന്നു. വടക്കാഞ്ചേരിയിൽ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ടി വസ്തു കേപ്പിന്റെ പേരിൽ അനുവദിച്ച് കിട്ടാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വൈദ്യുതി ഉല്പാദന പദ്ധതി

14 (* 44) ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. ഇ. പി. ജയരാജൻ :

ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പ് ആവിഷ്കരിക്കപ്പെട്ട വൈദ്യുതി ഉല്പാദന പദ്ധതികളുടെ തുടർ പ്രവൃത്തികൾ ചെയ്യുന്നതിൽ അനാസ്ഥ കാട്ടിയതായ ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(ബി) സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതികളിലൂടെ എത്ര വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ വൈദ്യുതി മേഖലയിൽ നിലനില്ക്കുന്ന പ്രതിസന്ധിക്ക് എത്രത്തോളം പരിഹാരമാകുമായിരുന്നു എന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ഇ) ഊർജ്ജലഭ്യത ഉയർത്താൻ ആവിഷ്കരിക്കപ്പെട്ടിട്ടുള്ള എല്ലാ പദ്ധതികളും നടപ്പിലാക്കിയാലും കേരളം ഭാവിയിൽ വൈദ്യുത കമ്മി നേരിടുമെന്നറിയാമോ ; എങ്കിൽ ആവിഷ്കരിക്കപ്പെട്ട വൈദ്യുത പദ്ധതികളുടെ പൂർത്തീകരണത്തിനുൾപ്പെടെ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോയെന്ന് വിശദമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) അനാസ്ഥ കാട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിക്കാവശ്യമായ സ്ഥലം വിട്ടുകിട്ടുന്നതിൽ വന്ന കാലതാമസം, വനഭൂമി ആവശ്യമായ പദ്ധതികൾക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുവാൻ ഉണ്ടായ കാലതാമസം എന്നീ കാരണങ്ങൾ കൊണ്ട് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയിലെ ടണൽ നിർമ്മാണത്തിനിടെ ഉണ്ടായ മണ്ണിടിച്ചിൽമൂലം ഈ പദ്ധതിയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

(സി) 220.35 മെഗാവാട്ട്.

(ഡി) ഈ പദ്ധതികൾ നടപ്പാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചുവഴി മുന്നു പദ്ധതികൾ കമ്മീഷൻ ചെയ്യുകയും ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയും ചെയ്യുന്നു.

(ഇ) 18th Power Survey പ്രകാരം 2015-16 വർഷത്തെ വൈദ്യുതി ആവശ്യകത 4386 മെഗാവാട്ട് ആണ്. 2022 ആകുമ്പോഴേക്കും ഇതു 6093 മെഗാവാട്ട് ആയി വർദ്ധിക്കും എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഇത്തരം വമ്പൻ ആവശ്യകത നിറവേറ്റുന്നതിന് നവീകരിക്കാവുന്ന സോഴ്സുകളെ ആശ്രയിച്ചുള്ള ചെറുകിട പദ്ധതികൾമൂലം കഴിയില്ല എന്നത് യാഥാർത്ഥ്യമാണ്. നിലവിൽ 12 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു. ഈ പദ്ധതികൾ വഴി 187.6 മെഗാവാട്ടിന്റെ അധിക സ്ഥാപിതശേഷി ലഭ്യമാകും. വൈദ്യുത കമ്മി നികത്തുവാൻ വൻകിട പദ്ധതികൾ നടപ്പിലാക്കേണ്ടതായി വരും. പ്രകൃതി വാതകത്തിന്റെ വിലയിലും ലഭ്യതയിലുമുള്ള അനിശ്ചിതത്വം നിലനിൽക്കവെ ഒരു കൽക്കരി അധിഷ്ഠിത പദ്ധതി സംസ്ഥാനത്തിനുള്ളിൽ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ലഭ്യമായ വിവരങ്ങൾ വിരൽ ചൂണ്ടുന്നത്.

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

15 (* 45) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി, ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങൾ വില കുറച്ച് നൽകാനായി സഹകരണ മേഖലയെ പ്രയോജനപ്പെടുത്തിയത് എപ്രകാരമാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly